# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 26

## വാർത്താക്കുറിപ്പ്

### ശാസ്ത്ര പ്രതിഭാ സംഗമഭൂമിയായി എം.ജി.; ഡോ. സാബു തോമസ് സംസ്ഥാനത്തെ മികച്ച പ്രതിഭ

അന്തർദ്ദേശീയതലത്തിൽ ഏറെ വിലമതിക്കപ്പെടുന്ന ജർമനി ആസ്ഥാനമായ യൂറോപ്യൻ സയൻസ് ഇവാല്യുവേഷൻ സെന്റർ തയാറാക്കിയ ആഗോളശാസ്ത്ര പ്രതിഭകളുടെ പട്ടികയിൽ മികച്ച നേട്ടവുമായി മഹാത്മാഗാന്ധി സർവകലാശാല. കേരളത്തിൽ നിന്ന് ഈ പട്ടികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 35 പേരിൽ 18 പേരും സർവകലാശാലയിൽ നിന്നുള്ളവരാണ്. വൈസ് ചാൻസലർ ഡോ. സാബു തോമസാണ് കേരളത്തിൽ നിന്നുള്ള ഏറ്റവും മികച്ച ശാസ്ത്രപ്രതിഭ.

ഇന്ത്യയിലെ ശാസ്ത്രജ്ഞരിൽ മികവിന്റെ അടിസ്ഥാനത്തിൽ 19-ാമത് സ്ഥാനവും ഏഷ്യൻ ശാസ്ത്രജ്ഞരിൽ 35-ാമത് സ്ഥാനവുമാണ് ഡോ. സാബു തോമസിനുള്ളത്. ആഗോളാടിസ്ഥാനത്തിൽ 2611-ാമത് സ്ഥാനവും അദ്ദേഹം നേടിയിട്ടുണ്ട്. സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പോളിമർ സയൻസ് ആന്റ് എൻജിനീയറിംഗ് വിഭാഗത്തിലെ പ്രൊഫസറായ അദ്ദേഹം സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി സ്ഥാപക ഡയറക്ടർ കൂടിയാണ്. അമേരിക്കൻ ഫുൾബ്രൈറ്റ് ഫെല്ലോ ആയ ഡോ. സാബു തോമസ്, ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി ഫെല്ലോഷിപ്പും നേടിയിട്ടുണ്ട്. ഫ്രാൻസിലെ ലൊറെയ്ൻ സർവകലാശാലയിലെ വിസിറ്റിംഗ് പ്രൊഫസർ കൂടിയാണ് അദ്ദേഹം.

ആയിരത്തിലധികം പ്രസിദ്ധീകരണങ്ങളും അൻപതിനായിരത്തോളം സൈറ്റേഷനുകളും അദ്ദേഹത്തിന്റേതായുണ്ട്. ആകെ 15 പേറ്റന്റുകൾ ഫയൽ ചെയ്തതിൽ മൂന്നെണ്ണത്തിന് ഇതിനകം അനുമതിയായിട്ടുണ്ട്. ആകെ 138 പുസ്തകങ്ങൾ എഡിറ്റ് ചെയ്ത് തയാറാക്കിയിട്ടുണ്ട്. 13 അന്താരാഷ്ട്ര ഗവേഷണ പ്രോജക്ടുകൾ ഉൾപ്പെടെ 106 ഗവേഷണങ്ങൾക്ക് അദ്ദേഹം മേൽനോട്ടം വഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തോളമായി മഹാത്മാഗാന്ധി സർവകലാശാലകളുടെ അക്കാദമിക-ഭരണപരമായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഡോ. സാബു തോമസ് കോട്ടയം സംക്രാന്തി സ്വദേശിയാണ്.

മഹാത്മാഗാന്ധി -സർവകലാശാല രജിസ്ട്രാർ ഡോ. ബി പ്രകാശ് കുമാർ, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നിന്നുള്ള എൻ. സ്മിജേഷ്, നന്ദകുമാർ കളരിക്കൽ, സിറിയക് ജോസഫ്, പി.ആർ. ബിജു, സ്കൂൾ ഓഫ് ബയോസയൻസസിൽ നിന്നുള്ള മോഹനകുമാർ കെ.പി., രാധാകൃഷ്ണൻ ഇ.കെ., ജ്യോതിസ് മാത്യു, ആർ. ഹരികുമാരൻ നായർ, ജെ.ജെ. റേ, സ്കൂള ഓഫ് കെമിക്കൽ സയൻസസിൽ നിന്നുള്ള രാജു ഫ്രാൻസിസ്, എസ്. അനസ്, സ്കൂൾ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസിൽ നിന്നുള്ള ഗോപിനാഥൻ അനിൽകുമാർ, മഹേഷ് മോഹൻ, വി.പി. സൈലസ് എന്നിവരും ആഗോളശാസ്ത്രപ്രതിഭാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന അയ്യായിരത്തിലധികം ശാസ്ത്രജേണലുകളിലെ പ്രബന്ധങ്ങൾ മൂല്യനിർണയം ചെയ്തും ഇക്കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ പ്രബന്ധങ്ങളുടെ എണ്ണം കണക്കാക്കിയും അവയുടെ പ്രായോഗികതലത്തിലുള്ള ഉപയോഗം, റഫറൻസ് തുടങ്ങിയ മാനദണ്ഡങ്ങൾ പരിശോധിച്ചാണ് ഈ പട്ടികയിലേക്കുള്ള പ്രതിഭകളെ തെരഞ്ഞെടുക്കുന്നത്.

(പി.ആർ.ഒ/39/568/2021)

### പുതുക്കിയ പരീക്ഷ തീയതി

ജൂൺ 29ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷ ജൂലൈ 15ന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/569/2021)

## സ്പെഷൽ പരീക്ഷ

കോവിഡ് കാരണങ്ങളാൽ അവസാന സെമസ്റ്റർ പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്ക് ചാൻസ് നഷ്ടപ്പെടാതെ പരീക്ഷ പാസാകുന്നതിന് അവസരം നൽകുന്നതിനായി സ്പെഷൽ പരീക്ഷ നടത്തുമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ/39/570/2021)

## അപേക്ഷ തീയതി നീട്ടി

ജൂൺ 29 മുതൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം - 2019 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂലൈ ഒന്നുവരെയും 525 രൂപ പിഴയോടെ ജൂലൈ നാലുവരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂലൈ അഞ്ചുവരെയും അപേക്ഷിക്കാം. പുതുക്കിയ പരീക്ഷ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/571/2021)

മൂന്നാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷയ്ക്ക് 525 രൂപ പിഴയോടെ ജൂൺ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജൂൺ 28 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/572/2021)

## ബി.എ./ബി.കോം (പ്രൈവറ്റ്) പരീക്ഷകേന്ദ്രം

ജൂൺ 28 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ./ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയ്ക്ക് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ച 180050050192, 180050050233, 180050050168, 180050050181, 180050050201, 180050050164, 180050050174, 180050050175, 180050050242, 180050050190, 180050050261, 180050050219, 180050050193, 180050050253, 180050050205, 180050050255, 180050050166, 180050050177 എന്നീ രജിസ്റ്റർ നമ്പറിലുള്ള ബി.എ. (ഹിസ്റ്ററി) വിദ്യാർഥികൾ അയ്യമ്പിള്ളി റൂറൽ അക്കാദമി ഫോർ മാനേജ്മെന്റ് സ്റ്റഡീസിലും (ആർ.എ.എം.എസ്.), പരുമല ദേവസ്വം ബോർഡ് പമ്പ കോളേജ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ച് പരുമല സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് സോഷ്യൽ സയൻസ് പരീക്ഷകേന്ദ്രമായി അലോട്ട്ചെയ്ത എല്ലാ ബി.എ./ബി.കോം. വിദ്യാർഥികളും ചങ്ങനാശേരി പെരുന്ന എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/573/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ